3/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 367*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **2836**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.അനിൽ കുമാർ എസ്.ആർ.,**
**ശ്രീവിലാസ്, CSP – 8,**
**കുറുപ്പംകുളങ്ങര പി.ഒ.,**
**ചേർത്തല – 688 539.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**ബ്രാഞ്ച് മാനേജർ, കെ.എസ്.എഫ്.ഇ. II ബ്രാഞ്ച്,**
**ചേർത്തല.**

2. **അപ്പീൽ അധികാരി&**
**മാനേജിംഗ് ഡയറക്ടർ,**
**കെ.എസ്.എഫ്.ഇ. ലിമിറ്റഡ്,**
**ഹെഡ് ഓഫീസ്, ഭദ്രത, പി.ബി.നം.510,**
**മ്യാസിയം റോഡ്, ചെമ്പുക്കാവ്,**
**തൃശ്ശൂർ – 680020.** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28.10.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22.11.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 12.12.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 19.02.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 22.02.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14.12.2022, വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.എസ്.ആർ.അനിൽകുമാർ, 19.02.2020ന് സമർപ്പിച്ച അപ്പീൽ ഹർജി 22.02.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.367(2)/20/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന് അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ലെന്നും ആകയാൽ ടി ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ടിയാന്റെ അപേക്ഷയിലെ 6, 7 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 28.10.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

i) 21.7.2016ൽ സെർവർ തകരാറിലായെങ്കിൽ അന്നത്തെ account transactions entry നൽകി BAMS software ക്രമീകരിച്ചിട്ടുണ്ടെന്നുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നും

ii) BAMS software(offline) പ്രവർത്തിച്ച കാലഘട്ടവും ടി ബ്രാഞ്ച് online ആയി പ്രവർത്തിച്ചുവരുന്ന കാലഘട്ടത്തിന്റെയും വിവരങ്ങൾ ലഭ്യമാക്കണമെന്നും

iii) 22.2.2016 മുതൽ 31.12.2016 വരെ ടി ബ്രാഞ്ചിൽ നിന്ന് ടിയാന് അയച്ച തപാലുകളുടെ തീയതിയുൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നും തുടങ്ങി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 22.11.2019ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ ആക്ഷേപമുന്നയിച്ച് 12.12.2019ന് അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ട്.

4. 27.03.2020ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും തുടർന്ന് സമർപ്പിച്ച അപ്പീൽ മിസ്പ്ലെയ്സ്ഡ് ആയതിനാൽ യഥാസമയം മറുപടി നൽകാൻ സാധിച്ചിരുന്നില്ലെന്നും കമ്മീഷന്റെ കത്ത് ലഭിച്ചതിനെ തുടർന്ന് പരിശോധന നടത്തുകയും ഫയൽ കണ്ടെത്തുകയും ഒന്നാം അപ്പീൽ തീർപ്പു കൽപ്പിച്ചുകൊണ്ട് 26.03.2020ന് മറുപടി നൽകിയെന്നുമാണ്. ഹർജിക്കാരന്റെ അപേക്ഷയിലെ 6, 7 എന്നീ ചോദ്യങ്ങൾക്ക് നൽകിയ വിവരം സംബന്ധിച്ചായിരുന്നു അപ്പീലിൽ ആക്ഷേപമുന്നയിച്ചിരുന്നതെന്നും 6, 7 എന്നീ ഇനങ്ങളുടെ പകർപ്പു കൾക്കായി ഫീസ് ഒടുക്കുന്ന മുറയ്ക്ക് ലഭ്യമാക്കുമെന്നാണ് എസ്.പി.ഐ.ഒ. മറുപടി നൽകിയതെന്നും ടി മറുപടി ശരിയല്ലെന്നുമാണ്. പകർപ്പുകൾ നൽകുന്നതിന് ആവശ്യമായ തുക എത്രയാണെന്ന് ഹർജിക്കാരനെ അറിയിക്കുകയായിരുന്നു എസ്.പി.ഐ.ഒ.ചെയ്യേണ്ടിയിരുന്നതെന്നും പകർപ്പുകൾ സി.ഡി.യിലാക്കി നൽകണമെന്നായിരുന്നു അപ്പീലിൽ ആവശ്യപ്പെട്ടിരുന്നതെന്നും അതിനാവശ്യമായ ഫീസും ടിയാൻ ഒടുക്കിയിരുന്നുവെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട പകർപ്പുകൾ സി.ഡി.യിലാക്കി ടിയാന് നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ അപ്പീൽ സമർപ്പിച്ചുവെന്നും ടി അപ്പീലിന് യാതൊരു മറുപടിയും ലഭ്യമായില്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ ഒന്നാം അപ്പീൽ 19(6) പ്രകാരം തീർപ്പാക്കിയിട്ടില്ലെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. കൂടാതെ എതിർകക്ഷി വിവരാവകാശ നിയമം വകുപ്പ് 7(3)(a)യ്ക്ക് വിരുദ്ധമായാണ് മറുപടി നൽകിയതെന്നും 26.03.2020ലെ അപ്പീൽ തീർപ്പാക്കൽ ഉത്തരവു നടപ്പിലാക്കിയിട്ടില്ലെന്നും കമ്മീഷനു ബോധ്യമാകുന്നു. ഇത്തരം വീഴ്ചകൾ വിവരാവകാശ നിയമലംഘനമാകയാൽ പരാമർശിത കാലയള

വിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കാണുന്നതി നാൽ ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലിക മായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകി യില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്ത രവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

കൂടാതെ ഹർജിക്കാരന് 15 ദിവസത്തിനുള്ളിൽ വിവരം നൽകണ മെന്നും കമ്മീഷൻ നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 16–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/